**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2027** **06-07-2022 - ൽ മറുപടിയ്ക്ക്**

**നടി ആക്രമിക്കപ്പെട്ട കേസിന്റെ തുടർനടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | നടി ആക്രമിക്കപ്പെട്ട കേസിൽ രാജിവയ്ക്കുകയോ കേസിൽനിന്ന് പിന്മാറുകയോ ചെയ്തിട്ടുള്ള പബ്ലിക് പ്രോസിക്യൂട്ടർമാരുടെ എണ്ണം അറിയിക്കാമോ; പിന്മാറിയതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) | രണ്ടു പേർ, വ്യക്തിപരമായ കാരണങ്ങൾ |
| (ബി) | അവസാനമായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ രാജിവച്ച തീയതി അറിയിക്കുമോ; പുതിയ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് അതിജീവിത സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അപേക്ഷ നൽകിയ തീയതി അറിയിക്കുമോ; | (ബി) | 29.12.2021, പുതിയ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് അതിജീവിത സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല |
| (സി) | ഈ അപേക്ഷ ലഭിച്ചതിനുശേഷം സർക്കാർ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നിയമനത്തിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; | (സി) | നിലവിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ രാജി വച്ച സാഹചര്യത്തിൽ പുതിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത കേസിൽ അഭിഭാഷകർ തെളിവ് നശിപ്പിച്ചതായി അന്വേഷണസംഘം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അഭിഭാഷകർക്കെതിരെ കേസെടുത്തിട്ടുണ്ടോ ; | (ഡി) | ഇത് സംബന്ധിച്ച് അന്വേഷണം നടത്തി വരുന്നു. |
| (ഇ) | അന്വേഷണത്തിന് മേൽനോട്ടം വഹിച്ചിരുന്ന ഉദ്യോഗസ്ഥനെ തൽസ്ഥാനത്തു നിന്നും മാറ്റിയത് പ്രതിഭാഗം വക്കീലിന് നോട്ടീസ് നൽകിയ ഘട്ടത്തിലാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് അതിജീവിത സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ ;എങ്കിൽ അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റുന്നതിനുണ്ടായ കാരണം വ്യക്തമാക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിച്ചിട്ടില്ല. |
| (എഫ്) | ഈ കേസിന്റെ അന്വേഷണം അട്ടിമറിക്കപ്പെടുന്നതായും ദൃശ്യങ്ങൾ ചോർന്നതായുമുള്ള ആരോപണത്തിന്മേൽ | (എഫ്) | ഇത് സംബന്ധിച്ച് അതിജീവിതയുടെ 25.05.2022 തീയതിയിലെ പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു |

| | | | |
|---|---|---|---|
| | അതിജീവിത സർക്കാരിന് പരാതികൾ സമർപ്പിച്ച തീയതികൾ അറിയിക്കുമോ; ഈ പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? ; | | |
| (ജി) | ഈ പരാതികളിൽ മേൽ നടപടി എടുക്കുന്നതിൽ വലിയ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ജി) | പരാതി ലഭിച്ച ഉടൻതന്നെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനാൽ കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ